**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4528** **13-11-2019**-ലെ മറുപടി

**<u>ദീർഘകാലമായി പണിപൂർത്തീകരിക്കാത്ത വൻകിട ജലസേചന പദ്ധതികൾ</u>**

<u>ചോദ്യം</u>

ശ്രീ.കെ.ജെ. മാക്സി

<u>മറുപടി</u>

കെ. കൃഷ്ണൻകുട്ടി

ജലവിഭവ വകുപ്പുമന്ത്രി

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ദീർഘകാലമായി പണിപൂർത്തീകരിക്കാത്ത വൻകിട ജലസേചന പദ്ധതികൾ ഏതെല്ലാം; എപ്പോഴാണ് ഇവ ഓരോന്നിന്റെയും പ്രവൃത്തിക്ക് തുടക്കം കുറിച്ചതെന്നും നാളിതുവരെ എത്ര തുക ഓരോന്നിനും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | എ) | see table below |
| ബി | പ്രസ്തുത പദ്ധതികളിൽ ഈ സർക്കാർ ഇതിനകം പൂർത്തീകരിച്ചവ ഏതെല്ലാമെന്നും, ശേഷിച്ചവയിൽ പ്രവൃത്തി നടന്നുവരുന്നത് ഏതൊക്കെയെന്നും, ഇവ ഓരോന്നും, എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നതെന്നും, ഇതിലേയ്ക്കായി ഈ സർക്കാർ ഇതിനകം എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | ബി | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി | പദ്ധതി നടത്തിപ്പിൽ വീഴ്ച വരുത്തിയ എത്ര ഉദ്യോഗസ്ഥരെ ഈ സർക്കാർ ഇതിനകം നടപടിക്ക് വിധേയമാക്കിയെന്നും, അവർ ആരെല്ലാമെന്നും, എപ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ? | സി | സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ സാങ്കേതിക സമിതിയുടെ റിപ്പോർട്ടിൽ പദ്ധതിയുടെ പണി പൂർത്തിയാക്കുന്നതിന് വകുപ്പ് കാലതാമസം വരുത്തിയതായി പരാമർശിക്കുന്നുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്. |

എ) മറുപടി:

| പദ്ധതി | തുടങ്ങിയ വർഷം | ചെലവഴിച്ച തുക |
|---|---|---|
| മൂവാറ്റുപുഴ ജലസേചന പദ്ധതി | 1974 | 1054.78 കോടി |
| ഇടമലയാർ ജലസേചന പദ്ധതി | 1981 | 488.80 കോടി |
| കാരാപ്പുഴ ജലസേചന പദ്ധതി | 1978 | 331.38 കോടി |
| ബാണാസുരസാഗർ ജലസേചന പദ്ധതി | 1999 | 62.67 കോടി |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## 1) മൂവാറ്റുപുഴ ജലസേചനപദ്ധതി

### പൂർത്തീകരിച്ച പ്രവൃത്തികൾ

1) എഴുതോണിപ്പാടം അക്വാഡക്റ്റിന്റെ നിർമ്മാണം മാർച്ച് 2016-ൽ ആരംഭിക്കുകയും ഡിസംബർ 2018-ൽ പൂർത്തീകരിക്കുകയും ചെയ്തു. ഈ പദ്ധതിയ്ക്ക് 115 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.
2) കുറുമുള്ളൂർ ഡിസ്ട്രിബ്യൂട്ടറിയുടെ പ്രവൃത്തി മെയ് 2017 ൽ ആരംഭിക്കുകയും ഏപ്രിൽ 2019-ൽ പൂർത്തീകരിക്കുകയും ചെയ്തു. ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 155 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.
3) ഇലഞ്ഞി ഡിസ്ട്രിബ്യൂട്ടറിയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ആയതിനായി ഇതുവരെ 63 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

### നിലവിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ

1) മടക്കത്താനം ഡിസ്ട്രിബ്യൂട്ടറി ചെ. 0 മീറ്റർ മുതൽ 3765 മീറ്റർ വരെ (അക്വാഡക്റ്റ് ഉൾപ്പെടെ) മടക്കത്താനം ഡിസ്ട്രിബ്യൂട്ടറിയുടെ 60% പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസംബർ 2019 ൽ പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നു. മേൽ പ്രവൃത്തിയ്ക്കായി ഇതുവരെ 462 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.
2) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി ചെ. 0 മീ. മുതൽ 10390 മീ. വരെ 6 റീച്ചുള്ളതിൽ ഇപ്പോൾ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നാലാമത്തെ റീച്ച് ജനുവരി 2020 ലും ഒന്നാമത്തെ റീച്ച് ഫെബ്രുവരി 2020 ലും പൂർത്തീകരിക്കും. മേൽ പ്രവൃത്തിയ്ക്കായി ഇതുവരെ ആകെ 25.30 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
3) ആനിക്കാട് ഈസ്റ്റ് (നട്ടുക്കര) ചെ. 0 മീ. മുതൽ 1850 മീറ്റർ വരെയുള്ള കനാലിന്റെ നിർമ്മാണ പ്രവൃത്തികൾ 62% പൂർത്തീകരിച്ചിട്ടുണ്ട്. ജനുവരി 2020 ൽ ബാക്കി പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയ്ക്കായി ഇതു വരെ 108 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.
4) ഇടയാർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെ.0 മീ. മുതൽ 4215 മീ. വരെയുള്ള നിർമ്മാണ പ്രവർത്തികൾ 95% പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തി ഡിസംബർ 2019 ൽ പൂർത്തീകരിക്കുന്നതാണ്. മേൽ പ്രവൃത്തിയ്ക്കായി ഇതു വരെ 1342 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**2) ഇടമലയാർ ജലസേചനപദ്ധതി -** ദീർഘകാലമായി മുടങ്ങികിടക്കുന്ന ലോ-ലെവൽ കനാലിന്റെ എം.സി. റോഡ് ക്രോസിംഗ് ഭാഗത്തെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 70 കോടി രൂപ ഇതു വരെ ചെലവഴിച്ചിട്ടുണ്ട്.

**3) കാരാപ്പുഴ ജലസേചനപദ്ധതി -** കാരാപ്പുഴ ജലസേചനപദ്ധതിയുടെ Head works ന്റെയും ഇടതുകര- വലതുകര കനാലുകളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശാഖാ കനാലുകളുടെ 47.26 ശതമാനവും ഡിസ്ട്രിബ്യൂട്ടറികളുടെ 3.50 ശതമാനവും പൂർത്തിയായിട്ടുണ്ട്. പ്ലാനിംഗ്

ബോർഡിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രൂപവൽകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കാരാപ്പുഴ ജലസേചനപദ്ധതി 2020-21 വർഷത്തിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് ത്വരിതഗതിയിൽ പ്രവൃത്തികൾ നടന്നുവരുന്നു. 2016-17 മുതൽ 2019-20 ഒക്ടോബർ വരെ 21.46 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**4)ബാണാസുരസാഗർ ജലസേചനപദ്ധതി**- ബാണാസുരസാഗർ ജലസേചനപദ്ധതിയുടെ മെയിൻ കനാൽ 84 ശതമാനവും പ്രധാന കനാലിനെ ബ്രാഞ്ച് കനാലുകളുമായി യോജിപ്പിക്കുന്ന ഡൈവേർഷൻ ചേമ്പർ പ്രവൃത്തി 100 ശതമാനവും പൂർത്തിയായിട്ടുണ്ട്. മെയിൻ കനാലിൽ പണി പൂർത്തിയാകാതിരുന്ന അക്വഡക്ടിന്റെയും (ചെ.1130 മീ. മുതൽ ചെ.1150 മീ. വരെ) വെണ്ണിയോട് ബ്രാഞ്ച് കനാലിന്റേയും ഡിസ്ട്രിബ്യൂട്ടറികളുടെയും പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശ പ്രകാരം ബാണാസുരസാഗർ ജലസേചനപദ്ധതി 2021-22 വർഷത്തിൽ ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനായി ലക്ഷ്യമിടുന്നു. 2016-17 മുതൽ 2019-20 വരെ ചെലവഴിച്ച തുക 11.30 കോടി രൂപയാണ്.

**സെക്ഷൻ ഓഫീസർ**